# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

11.02.2016-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1314

## നഗര റോഡ് വികസന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.എ.മാധവൻ<br>,, ബെന്നി ബെഹനാൻ<br>,, ഹൈബി ഈഡൻ<br>,, വി.ഡി.സതീശൻ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നഗര റോഡ് വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) | ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹനയാത്രക്കാരുടെയും, കാൽനടയാത്രക്കാരുടെയും സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, ഉന്നത നിലവാരത്തിലുള്ള തെരുവു വിളക്കുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓട്ടു പാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേട്ടകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | തിരുവനന്തപുരം നഗരറോഡു വികസന പദ്ധതി മിക്കവാറും പൂർത്തിയായി. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ